**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക് സോഫ്റ്റ്‌വെയറിലെ തിരിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കിൽ ഹാക്കിങ്, മറ്റ് തിരിമറികൾ എന്നിവ നടത്തി ശമ്പളം, ലീവ് സാലറി, സ്പെഷ്യൽ അലവൻസ് എന്നിവ ക്രമവിരുദ്ധമായി മാറിയെടുത്ത് സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തിയ ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധന പരിശോധനാ എൻ റ്റി (ഇ ) വകുപ്പ് നടത്തിയ പരിശോധനയിൽ ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കിൽ തിരിമറികൾ നടത്തി അവധിയിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ ശമ്പളം മാറിയെടുക്കൽ, ശൂന്യവേതന/ അർദ്ധ വേതന അവധിയിൽ ഉള്ളവർക്കു അധികം ശമ്പളം അനുവദിക്കൽ, നഴ്സിങ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പെഷ്യൽ ഇനത്തിൽ അനധികൃതമായി തുക അനുവദിക്കൽ, സെക്ഷൻ ക്ലാർക്ക് ശ്രീ സജു പി ആറിന് അനധികൃതമായി ഇൻക്രിമെൻറ് അനുവദിക്കൽ എന്നിവ വഴി സംസ്ഥാന ഖജനാവിന് നഷ്ട്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.<br><br>2. ഒതുക്കങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ ശ്രീമതി.സി.പി സഫില എന്ന അധ്യാപികയുടെ 14-10-2015 മുതൽ 30-10-2015 വരെയുള്ള ശൂന്യവേതാനാവധി കാലയളവിലെ 18 ദിവസത്തെ ശമ്പളം ഉൾപ്പെടെ 2015 ഒക്ടോബർ മാസത്തെ പൂർണനിരക്കിലുള്ള ശമ്പളം പ്രസ്തുത അധ്യാപികയുടെ പേരിൽ ട്രഷറിയിൽനിന്ന് പിൻവലിക്കുകയും, ശമ്പളം അക്കൌണ്ടുകളിലേക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റേതായി സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പകർപ്പ് പ്രകാരം പ്രസ്തുത അധ്യാപികക്ക് അർഹമായ തുക മാത്രം നൽകി; ശേഷിക്കുന്ന 18,755/-രൂപയിൽ നിന്നും 11,420/-രൂപ സ്കൂളിലെ ക്ലർക്കായിരുന്ന ശ്രീ സാജന്റെ പേരിലുള്ള അക്കൌണ്ടിലേക്കും, 5,335/-രൂപ ഇതേ സ്കൂളിൽനിന്നും 31-03-2015ന് വിരമിച്ച അറബിക് അധ്യാപകനായിരുന്ന ശ്രീ. അഹമ്മദ്കുട്ടി എന്നിവരുടെ അക്കൌണ്ടിലേക്കും നിക്ഷേപിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നടപടികൾ മൂലം സർക്കാരിനുണ്ടായ നഷ്ടം, ക്രമക്കേട് നടന്ന സ്ഥാപനം, സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | 1 ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ധനകാര്യ (പരിശോധനാ എൻ. റ്റി (ഇ) വകുപ്പ് നടത്തിയ പരിശോധനയിൽ സംസ്ഥാന ഖജനാവിന് ഒരു കോടി പതിനെട്ടു ലക്ഷത്തി പതിനൊന്നായിരത്തി അറുപതു രൂപ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയതു ബന്ധപ്പെട്ടവരിൽ നിന്നും 18 % പലിശ ഉൾപ്പെടെ തിരികെ ഈടാക്കുവാനും ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും (ആരോഗ്യ കുടുംബക്ഷേമ-കെ) വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2) മലപ്പുറം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് ഒതുക്കുങ്ങൽ ഗവൺമെന്റ് ഹൈസ്കൂളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ തെറ്റായി പിൻവലിച്ച തുകകൾ (18,755/-രൂപ) 12/11/2018 തീയതിയിലെ KL008072663201819, KL0079344052018 നമ്പർ ചലാനുകൾ പ്രകാരം സർക്കാരിലേക്ക് തിരികെ ഈടാക്കിയിട്ടുണ്ട്. ഒതുക്കുങ്ങൽ ഗവൺമെന്റ്<br><br>ഹൈസ്കൂളിൽ മേൽ പറഞ്ഞ തിരിമറി നടത്തിയ ശ്രീ സാജന് കർശനമായ അച്ചടക്കനടപടിക്കും സ്കൂൾ പ്രധാനാധ്യാപികയായ ശ്രീമതി. പ്രസീദ വി. എന്നവർക്ക് ഉചിതമായ വകുപ്പുതല നടപടിക്കും ശിപാർശ ചെയ്തിരുന്നു. ശ്രീ.സാജന് എതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിച്ചതായി ഭരണ വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ട്.<br><br>മുകളിൽ പരാമർശിച്ച തരം തിരിമറികൾ സ്പാർക്കിൽ തടയുന്നതിന്റെ ഭാഗമായി ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്പാർക്ക് പി.എം.യു സ്വീകരിച്ചിട്ടുണ്ട്.<br><br>• 10.09.2024 തീയതിയിലെ സർക്കുലർ 56/2024/ധന പ്രകാരം സ്പാർക്ക് ആപ്ലിക്കേഷന്റെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി, വ്യക്തിഗത ലോഗിൻ ഒഴികെ, പ്രത്യേകാധികാരം ഉള്ള എല്ലാ സ്പാർക്ക് ലോഗിനുകളക്കും ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി സംവിധാനം ഏർപ്പെടുത്തിയിരുന്നു.<br>• സ്പാർക്ക് ഡാറ്റാബേസിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ എഡി ഇവ മാറ്റുന്നതിന് ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി സംവിധാനം ഏർപ്പെടുത്തിയിരുന്നു.<br>• ഒരു ജീവനക്കാരന്റെ ശമ്പളപ്രോസസ്സിങ് സ്പാർക്കിലൂടെ ആറുമാസകാലം |

| | | | |
|---|---|---|---|
| | | | നടത്തപ്പെടാത്ത പക്ഷം അതിന്റെ പ്രോസസ്സിങ് തടയുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനായി സ്പാർക്ക് സോഫ്റ്റ്‌വെയർ ഒരുക്കുന്ന NIC ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• സ്പാർക്ക് സോഫ്റ്റ്‌വെയർ ഒരു പഴയ ലെഗസി സിസ്റ്റം ആയതിനാൽ നിലവിലെ പതിപ്പിൽ കൂടുതൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്നില്ല. അതിനാൽ, 100 ജീവനക്കാരിൽ കൂടുതൽ പേരുടെ എസ്റ്റാബ്ലിഷ്മെന്റ് ശമ്പള ബിൽ തയ്യാറാക്കേണ്ട ഓഫിസുകളിൽ മേക്കർ, ചെക്കർ, അപ്രൂവൽ എന്നീ മൂന്ന് നിലകൾ ഉൾപ്പെടുത്തുന്നതിനും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ കേഡറുകൾക്ക് ശമ്പള കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള യൂണിഫോം അലവൻസുകൾ, കോമ്പൻസേറ്ററി അലവൻസുകൾ, സ്പെഷ്യൽ അലവൻസുകൾ, അഡീഷണൽ സ്പെഷ്യൽ അലവൻസുകൾ എന്നിവ പ്രത്യേകം നാമകരണമുള്ളതാക്കുന്നതിനും, മുൻനിശ്ചയിച്ച സീലിംഗുകൾ ഉൾപ്പെടെയുള്ള സുരക്ഷാ നടപടികൾ നടപ്പാക്കുന്നതിനും സ്പാർക്കിന്റെ പുതിയ പതിപ്പിൽ ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത (Technical feasibility) പരിശോധിക്കാൻ എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ